(ബി) എങ്കിൽ എല്ലാവരേയും സ്ഥിരപ്പെടുത്തുമോ; എങ്കിൽ അതിന്റെ മാനദണ്ഡം വെളിപ്പെടുത്തുമോ?

ഉത്തരം

(എ ആന്റ് ബി) കെ. എസ്. ആർ. ടി. സി.-യിൽ ഇപ്പോൾ റോളിൽ ഉള്ള എംപാനൽ ജീവനക്കാരുടെ വിവരം താഴെ കൊടുക്കുന്നു:

| | | | |
|---|---|---|---|
| 1. | കണ്ടക്ടർ | .. | 2541 |
| 2. | ഡ്രൈവർ | .. | 2901 |
| 3. | മെക്കാനിക്കൽ വിഭാഗം | .. | 1243 |

എന്നാൽ ഇവർ എല്ലാവരും സ്ഥിരമായി ഡ്യൂട്ടി നിർവ്വഹിക്കുന്നവരല്ല. ഇവരെ സ്ഥിരപ്പെടുത്തുന്ന സംഗതിയിൽ തീരുമാനമെടുത്തിട്ടില്ല.

കെ. എസ്. ആർ. ടി. സി. നൽകുന്ന നികുതികൾ

177 [3723] ശ്രീ. കോവൂർ കുഞ്ഞുമോൻ:

,, എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. ബസ്സുകൾക്കെല്ലാംകൂടി വിവിധ നികുതി യിനത്തിൽ ഒരു വർഷത്തേക്ക് എന്ത് തുക അട്ക്കേണ്ടതായി വരുന്നുണ്ട്;

(ബി) ഇതിൽ കുടിശ്ശികയുണ്ടോ; എങ്കിൽ എത്ര വർഷത്തെ; എന്തുതുക കുടിശ്ശികയായുണ്ടെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 1988-89 വർഷം മുതൽ 2007-2008 വർഷം വരെ കെ. എസ്. ആർ. ടി. സി.-യുടെ കണക്ക് പ്രകാരം 588 കോടി 78 ലക്ഷം രൂപ ബസ്സിന്റെ നികുതിയിനത്തിൽ സർക്കാരി ലേക്ക് അടയ്ക്കേണ്ടതുണ്ട്. അതിൽ 156 കോടി 83 ലക്ഷം രൂപ ഇതിനകം അടച്ചിട്ടുണ്ട്. പ്രതിവർഷം 5 കോടി 64 ലക്ഷം രൂപ സംസ്ഥാനത്തിനകത്ത് ഓടുന്ന ബസ്സുകൾക്കും 4 കോടി 70 ലക്ഷം രൂപ അന്തർ സംസ്ഥാന സർവ്വീസുകൾക്കുമായി അടയ്ക്കുന്നുണ്ട്.

(ബി) 431 കോടി 95 ലക്ഷം രൂപ കെ. എസ്. ആർ. ടി. സി.-യുടെ കണക്ക് പ്രകാരം ബസ്സിന്റെ നികുതിയിനത്തിൽ സർക്കാരിലേക്ക് അടയ്ക്കേണ്ടതുണ്ട്. ഈ തുക എഴുതിത്തള്ളുമെന്ന് 2008-2009-ലെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ട്.

വാഹനാപകടങ്ങൾ

178 [3724] ശ്രീ. പി. സി. വിഷ്ണുനാഥ്:

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ഇതുവരെ കെ. എസ്. ആർ. ടി. സി. ബസ്സുകൾ ഉൾപ്പെട്ട എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്;

(ബി) ഈ അപകടത്തിൽ എത്ര പേർക്ക് പരിക്കേറ്റു; എത്രപേർ മരിച്ചു;

(സി) കെ. എസ്. ആർ. ടി. സി. ബസ്സുകൾക്ക് തേർഡ് പാർട്ടി

LIBRARY ARCHIVES Kerala Legislative Assembly